07/01/22

29/12/2021

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.252(6)/2021/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.2841/എസ്.ഐ.സി-ജി 5/2021)**

**സന്നിഹിതൻ**

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി: 29.12.2021

ശ്രീ. കെ.റ്റി ജോർജ്,
കൊമ്പനവള്ളിയിൽ വീട്,
പഴയരിക്കണ്ടം പി.ഒ., ഇടുക്കി-685 606 } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഡെപ്യൂട്ടി തഹസിൽദാർ (ബി സെക്ഷൻ),
   താലൂക്ക് ആഫീസ്, ഇടുക്കി

2. അപ്പീൽ അധികാരി,
   തഹസിൽദാർ,
   താലൂക്ക് ആഫീസ്, ഇടുക്കി

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 25.11.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 08.01.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 19.02.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 22.02.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.03.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 16.04.2021 |
| ഹിയറിംഗ് തീയതി | 24.12.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.റ്റി. ജോർജ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി യാതൊരു വിവരവും ലഭ്യമാക്കിയില്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും അപ്പീൽ അധികാരിയും യാതൊരു മറുപടിയും ലഭ്യമാക്കിയില്ലെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കാൻ കമ്മീഷൻ നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 25.11.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, ഹർജികക്ഷിയുടെ സ്ഥലം 10.11.2020 ന് സർവേക്കാർ വന്നു അളന്നിരുന്നുവെന്നും അതിന്റെ രേഖകൾ താലൂക്ക് ഓഫീസിൽ ഒരാഴ്ച കഴിയുമ്പോൾ സമർപ്പിക്കുമെന്നാണ് പറഞ്ഞതെന്നും ബി.പി.എൽ. സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നും പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കണമെന്നുമാണ്. ആയതിന് മറുപടി ലഭ്യമാക്കിയില്ലെന്നാണ് ഹർജികക്ഷി ബോധിപ്പിച്ചത്. എന്നാൽ രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 28.04.2021 ൽ സമർപ്പിച്ച റിപ്പോർട്ടിനൊപ്പം ഹർജിക്കാരന് ലഭ്യമാക്കിയ മറുപടിയുടെ പകർപ്പ് ഹാജരാക്കിയതായി കാണുന്നു. ആയതിൽ പ്രസ്താവിച്ചത്, ഹർജികക്ഷിയുടെ സ്ഥലം അളന്നതുമായി ബന്ധപ്പെട്ട രേഖകൾ നാളിതുവരെ എതിർകക്ഷി കാര്യാലയത്തിലെ പട്ടയ വിതരണ സെക്ഷനിൽ ലഭിച്ചിട്ടില്ലെന്നാണ്. ആയതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ

സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി ഹർജികക്ഷിയെ ഹിയറിംഗിന് ഹാജരാകാൻ അറിയിച്ചിരുന്നുവെങ്കിലും ടിയാൻ ഹാജരായില്ലെന്ന് റിപ്പോർട്ടിൽ പറയുന്നു. കൂടാതെ ഹർജികക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ലെന്നറിയിച്ച് അപ്പീൽ തീർപ്പാക്കിയതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 28.04.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ എതിർകക്ഷി കാര്യാലയത്തിലെ പട്ടയ വിതരണ സെക്ഷനിൽ ലഭിച്ചിട്ടില്ലാത്തതിനാൽ വിവരങ്ങൾ നൽകാൻ കഴിയില്ലെന്ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിരുന്നുവെന്നും ടി വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കി ടിയാനെ അറിയിച്ചിട്ടുള്ളതാണെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 25.11.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 24.12.2020 ൽ നൽകിയ മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ നൽകാൻ കഴിയില്ലെന്ന് അറിയിച്ചതായി കാണുന്നു. ടിയാന്റെ ഒന്നാം അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി മറുപടി നൽകിയതായി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 28.04.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ കാണുന്നു. 24.12.2021 കോട്ടയം റസ്റ്റ് ഹൗസിൽ വച്ച് കമ്മീഷൻ നടത്തിയ ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജികക്ഷിക്ക് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. മാത്രമല്ല രണ്ടാം എതിർകക്ഷി ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കാൻ വേണ്ടി നടത്തിയ ഹിയറിംഗിലും

ഹർജികക്ഷിയെ ഹാജരാകാൻ അറിയിച്ചിരുന്നുവെങ്കിലും ടിയാൻ ഹാജരായില്ലെന്ന് ഒന്നാം എതിർകക്ഷി മൊഴി നൽകി. കൂടാതെ ടിയാൻ ആവശ്യപ്പെട്ട രേഖ പട്ടയ വിതരണ സെക്ഷനിൽ ലഭിച്ചിട്ടില്ലാത്തതാണെന്നും ഹർജികക്ഷി നിയമാനുസൃതം പട്ടയത്തിനായി അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് നടപടിക്രമ പ്രകാരം ഹർജിക്കാരന് പട്ടയം നൽകുന്നതാണെന്നും ഒന്നാം എതിർകക്ഷി മൊഴി രേഖപ്പെടുത്തി. ഒന്നാം എതിർകക്ഷിയുടെ മൊഴി കമ്മീഷൻ മുഖവിലക്കെടുക്കുന്നു. എതിർകക്ഷികളുടെ ഭാഗത്തു നിന്നും മനഃപൂർവ്വമായ വീഴ്ചകൾ വന്നിട്ടുളളതായി കമ്മീഷൻ കാണുന്നില്ല. ഹർജിക്കാരന് ആവശ്യമുളള പക്ഷം മേൽപ്രസ്താവനയിലെ കാര്യങ്ങളുമായി മുന്നോട്ടു പോകാവുന്നതാണെന്ന് ഉത്തരവായിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, ഡിസംബർ 29-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp